# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 4104

16/03/2017-ൽ മറുപടിയ്ക്ക്.

## വേനൽക്കാല ക്ഷീരോത്പാദനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | വേനൽക്കാലത്ത് ക്ഷീരോത്പാദനച്ചെലവ് വർദ്ധിക്കുകയും ക്ഷീരോത്പാദനം കുറയുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | 2016 നവംബർ,ഡിസംബർ,2017 ജനുവരി എന്നീ മാസങ്ങളിലെ സംസ്ഥാനത്തെ ക്ഷീരസംഭരണത്തിന്റെ പ്രതിമാസകണക്ക് ലഭ്യമാക്കുമോ; ഈ കാലഘട്ടത്തിലെ പാൽ വിപണനത്തിന്റെ പ്രതിമാസ കണക്ക് ലഭ്യമാക്കാമോ; | (ബി) | 2016 നവംബർ, 2016 ഡിസംബർ,2017 ജനുവരി എന്നീ മാസങ്ങളിൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന യഥാക്രമം 17.1 ലക്ഷം ലിറ്റർ, 16.3 ലക്ഷം ലിറ്റർ, 16.2 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്.ഇവയിൽ യഥാക്രമം 11 ലക്ഷം ലിറ്റർ, 10.9 ലക്ഷം ലിറ്റർ,10.4 ലക്ഷം ലിറ്റർ പാൽ മാത്രമാണ് മിൽമയ്ക്ക് നൽകിയത്. ബാക്കിയുളളവ ക്ഷീരസംഘങ്ങൾ പ്രാദേശിക വിപണനം നടത്തുകയാണ് ചെയ്തത്.<br>2016 നവംബർ, 2016 ഡിസംബർ, 2017 ജനുവരി എന്നീ മാസങ്ങളിൽ മിൽമ മുഖേന യഥാക്രമം 12.7 ലക്ഷം ലിറ്റർ, 12.7 ലക്ഷം ലിറ്റർ, 12.9 ലക്ഷം ലിറ്റർ പാൽ വിപണനം നടത്തിയിട്ടുണ്ട്. |
| (സി) | വേനൽക്കാലത്തുണ്ടാകുന്ന ഭീമമായ നഷ്ടം സഹിക്കാൻ കഴിയാതെ ക്ഷീരോത്പാദകർ ഈ മേഖലയിൽ നിന്ന് പിൻവാങ്ങുന്നത് ഒഴിവാക്കുന്നതിനുവേണ്ടി പാലിന് സീസണലായി ഉയർന്ന സംഭരണവില നിശ്ചയിക്കുകയും കാലിത്തീറ്റക്ക് ഉയർന്ന നിരക്കിലുള്ള സബ്സിഡി അനുവദിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ക്ഷീരകർഷകർക്ക് ഉണ്ടാകുന്ന ഉല്പാദനചിലവ്, സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും നിലവിലുള്ള പാലിന്റെ സംഭരണ-വില്പന വിലകൾ, ഉപഭോക്തൃ വില്പന വിലയും വിപണിയിലെ മത്സരവും തുടങ്ങി വിവിധ കാര്യങ്ങൾ പരിഗണിച്ചതിനു ശേഷമാണ് മിൽമ പാലിന്റെ സംഭരണവില നിശ്ചയിക്കുന്നത്. |

വേനൽകാലത്ത് ക്ഷീരകർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് മിൽമയുടെ മേഖല യൂണിയനുകൾ അവരുടെ ലാഭവിഹിതത്തിൽ നിന്നും സംഭരണവിലയ്ക്ക് അധികമായി വേനൽക്കാല ഇൻസെന്റീവും കാലിത്തീറ്റയ്ക്ക് സബ്സിഡിയും നൽകി വരുന്നുണ്ട്..

കൂടാതെ ഇത്തവണത്തെ കടുത്ത വരൾച്ച മൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ 2017 മാർച്ച് 1മുതൽ 31 വരെ ക്ഷീര സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന കാലിത്തീറ്റയ്ക്ക് 50 കിലോ, ചാക്കൊന്നിന് 100/- രൂപ പ്രത്യേക കിഴിവ് നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.